2026
FEBRUARY
09
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## വ്യോമയാന മേഖലയിൽ സിയാലിന്റെ വൻ കുതിപ്പ്;

# 36 ഏക്കറിൽ എയ്റോ പാർക്ക്

**കൊച്ചി:** വ്യോമയാന മേഖലയിൽ സാങ്കേതികവും ബൗദ്ധികവുമായ മികവിന്റെ കേന്ദ്രമായി സിയാലിനെ മാറ്റുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത സിയാൽ എയ്റോപാർക്ക് പദ്ധതിയുടെ ഒന്നാം ഘട്ടം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിന് സമർപ്പിക്കും. വിമാനത്താവളത്തിന്റെ അനുബന്ധ വ്യവസായങ്ങൾ, സുരക്ഷാ പരിശീലന കേന്ദ്രങ്ങൾ, സാങ്കേതിക വിഭാഗങ്ങൾ എന്നിവയെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതാണ് എയ്റോപാർക്ക് പദ്ധതി. എയ്റോപാർക്കിൽ പൂർത്തിയായ മൂന്ന് പ്രധാന പദ്ധതികളും ഉടൻ സജ്ജമാകുന്ന മറ്റ് മൂന്ന് പദ്ധതികളുമാണ് മുഖ്യമന്ത്രി നാടിന് സമർപ്പിക്കുന്നത്. സിയാലിനെ സാങ്കേതികമായി സ്വയംപര്യാപ്തമാക്കുന്ന ടെക്നിക്കൽ സർവീസസ് ഫെസിലിറ്റി, പ്രീമിയം കോവർക്കിംഗ് സ്പേസായ സി.ഐ.എ.എസ്.എൽ ബിസിനസ് സെന്റർ, രാജ്യത്തെ ഏറ്റവും വലിയ ഏവിയേഷൻ ബ്രീത്തിംഗ് അപ്പാരറ്റസ് ട്രെയിനിംഗ് ഗാലറി എന്നിവയാണ് ഒന്നാം ഘട്ടത്തിൽ പൂർത്തിയായിരിക്കുന്നത്.

എയ്റോപാർക്ക് പദ്ധതിയിൽ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് 30 കോടി രൂപ ചെലവിൽ നിർമ്മിച്ച സി.ഐ.എ.എസ്.എൽ ബിസിനസ് സെന്റർ. 40,000 ചതുരശ്രയടി വിസ്തീർണ്ണത്തിൽ രണ്ടു നിലകളിലായി നിർമ്മിച്ച ഈ അത്യാധുനിക കെട്ടിടം, ഒരു വിമാനത്താവള കമ്പനിയുടെ കീഴിൽ നേരിട്ട് പ്രവർത്തിക്കുന്ന ഇന്ത്യയിലെ തന്നെ അപൂർവ്വമായ പ്രീമിയം കോ-വർക്കിംഗ് സ്പേസാണ്. നാനൂറിലധികം പേർക്ക് ഒരേസമയം ജോലി ചെയ്യാൻ സൗകര്യമുള്ള കോ-വർക്കിംഗ് സ്പേസാണ് ഇവിടുത്തെ പ്രധാന ആകർഷണം. മുപ്പതോളം കമ്പനികൾക്ക് ഒരേ സമയം പ്രവർത്തിക്കാനുള്ള സൗകര്യം ഇവിടെ ഒരുക്കിയിട്ടുണ്ട്. പ്രൈവറ്റ് ഓഫീസ് കാബിനുകൾ, കോൺഫറൻസ് റൂമുകൾ, റെസ്റ്റോറന്റുകൾ, പോഡ്കാസ്റ്റ് സ്റ്റുഡിയോ സ്പേസുകൾ എന്നിങ്ങനെ ഒരു ആധുനിക ബിസിനസ് ഹബ്ബിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. 24 മണിക്കൂറും തടസ്സമില്ലാത്ത വൈദ്യുതി, വൈഫൈ, അതിവേഗ ഇന്റർനെറ്റ്, വിശാലമായ പാർക്കിംഗ് ഏരിയ എന്നിവയും ഉറപ്പുവരുത്തിയിട്ടുണ്ട്.

വിമാനത്താവളത്തോട് ചേർന്നുള്ള ഈ ബിസിനസ് പാർക്ക് ഐടി, ബാങ്കിംഗ്, കൺസൾട്ടൻസി മേഖലയിലുള്ള കമ്പനികൾക്ക് അവരുടെ ആഗോള ക്ലയന്റുകളുമായി എളുപ്പത്തിൽ ബന്ധം സ്ഥാപിക്കാൻ വലിയ രീതിയിൽ സഹായകമാകും. വിമാനത്താവളത്തോട് ചേർന്ന് ഒരു ബിസിനസ് സെന്റർ വരുന്നത് വ്യോയാന രംഗത്തും അല്ലാത്തതുമായ കമ്പനികൾക്ക് ഒരുപോലെ ഗുണകരമാണ്. നിരന്തരമായി യാത്രകൾ ചെയ്യേണ്ടി വരുന്ന ഉദ്യോഗസ്ഥർക്കും വിദേശ പ്രതിനിധികൾക്കും എളുപ്പത്തിൽ ഓഫീസിലെത്താൻ സാധിക്കുന്നത് പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കാൻ സഹായിക്കും. നഗരത്തിലെ ഗതാഗതക്കുരുക്കിൽ നിന്ന് മാറി ശാന്തമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കാൻ കഴിയുന്നത് ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കും. കൂടാതെ, ചരക്ക് നീക്കവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കമ്പനികൾക്ക് എയർപോർട്ട് കാർഗോ ടെർമിനലിന്റെ സാമീപ്യം വലിയ തോതിൽ പ്രയോജനപ്പെടും. വിമാനത്താവള പ്രവർത്തനങ്ങളുടെ സുരക്ഷയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി 13 കോടി രൂപ ചെലവഴിച്ചാണ് അത്യാധുനിക ടെക്നിക്കൽ സർവീസസ് ഫെസിലിറ്റി സജ്ജമാക്കിയിരിക്കുന്നത്. വിമാനത്താവളത്തിനുള്ളിലെ സാങ്കേതിക പരിപാലന രംഗത്ത് ഒരു കേന്ദ്രീകൃത നിയന്ത്രണ സംവിധാനം കൊണ്ടുവരുന്നു എന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത.

വിമാനത്താവളത്തിലെ ആസ്തികളുടെ സംരക്ഷണം, മുൻകൂട്ടിയുള്ള അറ്റകുറ്റപ്പണികൾ, വാർഷിക മെയിന്റനൻസ് കരാറുകളുടെ ഏകോപനം, വെണ്ടർമാരുടെ നിയന്ത്രണം എന്നിവയെല്ലാം ഇനി ഈ ഒരൊറ്റ ഹബ്ബിന് കീഴിലായിരിക്കും ഏകോപിപ്പിക്കുക. ഡാറ്റാ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഈ സംവിധാനം വഴി ഓരോ ഉപകരണത്തിന്റെയും പ്രവർത്തനക്ഷമത നിരന്തരം നിരീക്ഷിക്കാനും കഴിയും. കൂടാതെ, അറ്റകുറ്റപ്പണികൾക്ക് എടുക്കുന്ന സമയം ഗണ്യമായി കുറയ്ക്കാനും സാധിക്കും. എയർസൈഡ് മെയിന്റനൻസിനും വികസന പ്രവർത്തനങ്ങൾക്കും ആവശ്യമായ അത്യാധുനിക യന്ത്രങ്ങൾ, സ്പെഷ്യലൈസ്ഡ് വാഹനങ്ങൾ എന്നിവയുടെ സംഭരണവും വിന്യാസവും ഈ വിംഗ് നേരിട്ട് നിർവഹിക്കും. എയർസൈഡ് മെയിന്റനൻസിനായി ഇനി പുറത്തുനിന്നുള്ള ഏജൻസികളെയോ വെണ്ടർമാരെയോ സിയാലിന് ഇനി അമിതമായി ആശ്രയിക്കേണ്ടി വരില്ല.

ഇതിനാവശ്യമായ എല്ലാ നിർണ്ണായക സ്പെയർ പാർട്സുകളും ഈ വിംഗിന് കീഴിൽ തന്നെ സ്റ്റോക്ക് ചെയ്യുന്നതിലൂടെ സാങ്കേതിക മേഖലയിൽ സിയാൽ വലിയ തോതിലുള്ള സ്വയംപര്യാപ്തതയാണ് കൈവരിക്കുന്നത്. രാജ്യത്തെ വൻകിട ഗ്രൂപ്പുകൾ നടത്തുന്ന വിമാനത്താവളങ്ങളിൽ പോലും ലഭ്യമല്ലാത്ത ഈ സാങ്കേതിക മികവ് സിയാലിന്റെ മാത്രം പ്രത്യേകതയാണ്. റൺവേയിലെയും ആപ്രോണിലെയും റബ്ബർ റിമൂവൽ, പെയിന്റ് റിമൂവൽ, ക്ലീനിംഗ് , ആപ്രോണിലെ മാലിന്യങ്ങൾ നീക്കം ചെയ്യൽ തുടങ്ങിയ അതീവ പ്രധാനമായ ജോലികൾ ഇനി ഈ വിഭാഗത്തിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര മാനദണ്ഡങ്ങളോടെ നടക്കും.

## സ്വരാജ് മാധ്യമ പുരസ്കാരം: എൻട്രികൾ ക്ഷണിച്ചു

**തിരുവനന്തപുരം:** തദ്ദേശ ദിനാഘോഷത്തോടനുബന്ധിച്ച് നൽകുന്ന സ്വരാജ് മാധ്യമ പുരസ്കാരത്തിന് എൻട്രികൾ ക്ഷണിച്ചു. അച്ചടി, ദൃശ്യ, ഓൺലൈൻ മാധ്യമ മേഖലകളിൽ നിന്നുള്ള മികച്ച വാർത്തകൾക്കും വാർത്താചിത്രങ്ങൾക്കും വീഡിയോഗ്രാഫിക്കുമാണ് പുരസ്കാരം നൽകുന്നത്. 25,000 രൂപയും പ്രശസ്തി പത്രവും മൊമെന്റോയും അടങ്ങുന്നതാണ് അവാർഡ്. ഡിജി കേരളം, അതിദാരിദ്ര്യമുക്ത കേരളം, കെസ്മാർട്ട്, മാലിന്യമുക്തം നവകേരളം, കുടുംബശ്രീ എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് 2025 ഫെബ്രുവരി 1 മുതൽ 2026 ജനുവരി 31 വരെ പ്രസിദ്ധീകരിച്ചതോ സംപ്രേഷണം ചെയ്തതോ ആയ സൃഷ്ടികളാണ് ഈ വർഷത്തെ അവാർഡിനായി പരിഗണിക്കുന്നത്.അച്ചടി / ദൃശ്യമാധ്യമ വാർത്താ വിഭാഗത്തിൽ ഇംഗ്ലീഷ് , മലയാളം വിഭാഗങ്ങളിൽ പ്രത്യേകം അവാർഡ് നൽകും. അച്ചടി വിഭാഗത്തിൽ മികച്ച വാർത്തയ്ക്കും മികച്ച ചിത്രത്തിനുമാണ് പുരസ്കാരം. മലയാളം, ഇംഗ്ലീഷ് ഭാഷകളിലെ റിപ്പോർട്ടുകൾ അവാർഡിനായി സമർപ്പിക്കാം.

വാർത്ത പ്രസിദ്ധീകരിച്ച പത്രത്തിന്റെ ഒറിജിനൽ കട്ടിംഗിനൊപ്പം മൂന്ന് പകർപ്പുകൾ കൂടി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം.ടെലിവിഷൻ വിഭാഗത്തിൽ മലയാളം, ഇംഗ്ലീഷ് ചാനലുകളിൽ സംപ്രേഷണം ചെയ്ത അഞ്ച് മിനിറ്റിൽ കവിയാത്ത റിപ്പോർട്ടുകളാണ് പരിഗണിക്കുക. മികച്ച വാർത്തയ്ക്ക് പുറമെ മികച്ച വീഡിയോഗ്രാഫർക്കും മലയാളം ദൃശ്യ മാധ്യമ വിഭാഗത്തിൽ അവാർഡ് നൽകും. മലയാളത്തിൽ ഓൺലൈൻ മാധ്യമങ്ങളിലെ മികച്ച വാർത്തയ്ക്കും പുരസ്കാരമുണ്ട്.ഒരാളിൽ നിന്ന് ഒരു വിഷയത്തിൽ ഒരു എൻട്രി മാത്രമേ സ്വീകരിക്കൂ. ഒരാൾക്കു തന്നെ ഒന്നിലേറെ വിഷയങ്ങളെ ആസ്പദമാക്കിയുള്ള എൻട്രികൾ സമർപ്പിക്കാം. കവറിന് പുറത്ത് 'സ്വരാജ് മാധ്യമപുരസ്കാരം 2026 അപേക്ഷ' എന്ന് വ്യക്തമായി രേഖപ്പെടുത്തണം. എൻട്രികൾ 2026 ഫെബ്രുവരി 13നകം ചീഫ് ഓഫീസർ, പബ്ലിക് റിലേഷൻസ്, എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ ലഭിക്കണം.




## സുരക്ഷാ കവചം ഉദ്ഘാടനം 10 ന്

**തിരുവനന്തപുരം:** സംസ്ഥാനത്ത് വേതന സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ സ്വകാര്യ മേഖലയിലെ ഏകദേശം 25 ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് അഷ്വറൻസ് മാതൃകയിൽ രക്ഷാകവചം എന്ന പേരിൽ സർക്കാർ പദ്ധതി നടപ്പിലാക്കുന്നു. പദ്ധതിയിൽ അംഗമാകുന്ന സ്വകാര്യ മേഖലയിലെ തൊഴിലാളിക്ക് അപകടമരണം സംഭവിച്ചാൽ 5 ലക്ഷം രൂപ ആശ്രിതർക്ക് ലഭിക്കും. മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതോടൊപ്പം രക്ഷാകവചം പദ്ധതി പ്രകാരമുള്ള തുകയും നൽകും. ഈ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം ഫെബ്രുവരി 10 ന് മന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരത്ത് നിർവഹിക്കും.സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുന്നതിനു വേണ്ടിയാണ് സർക്കാർ വേതന സുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയത്. ഇതിന്റെ ഭാഗമായി തൊഴിലുടമ തൊഴിലാളിക്ക് ബാങ്ക് വഴിയാണ് ശമ്പളം നൽകുന്നത്. പദ്ധതി പ്രകാരം, ഇതിനായുള്ള ഐ ടി പ്ലാറ്റ്ഫോമിൽ തൊഴിൽ സ്ഥാപനം വിവരങ്ങൾ രജിസ്റ്റർ ചെയ്യും. മിനിമം വേതനം തൊഴിലാളിക്ക് ലഭിക്കുന്നുണ്ടോ എന്ന് സംസ്ഥാന തൊഴിൽ വകുപ്പ് ഈ പ്ലാറ്റ്ഫോമിലൂടെ നിരീക്ഷിച്ച് ഉറപ്പാക്കുകയും ചെയ്യുന്നു. ചിയാക് വിഭാവനം ചെയ്ത പദ്ധതി സംസ്ഥാന തൊഴിൽ വകുപ്പിന്റെ പൂർണ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. ഓരോ തൊഴിലാളിയുടേയും പദ്ധതി വിഹിതമായി ഒരു നിശ്ചിത തുക സ്വീകരിക്കും. ഈ തുക ക്രോഡീകരിച്ചാണ് അപകടമരണ ധനസഹായമായി നൽകുക. 2025 –26 ബജറ്റിൽ പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## നോർക്ക പി.ഡി.ഒ.പി ജനറിക് 13 ന് ; പ്രൊഫഷണലുകൾക്ക് രജിസ്റ്റർ ചെയ്യാം

**തിരുവനന്തപുരം:** വിദേശ രാജ്യങ്ങളിലേയ്ക്ക് ഉദ്യോഗത്തിനു പോകാനാഗ്രഹിക്കുന്ന പ്രൊഫഷണലുകൾക്കായി നോർക്ക റൂട്ട്സ് സംഘടിപ്പിക്കുന്ന സൗജന്യ പ്രീ-ഡിപ്പാർചർ ഓറിയന്റേഷൻ പ്രോഗ്രാം ഫെബ്രുവരി 13 ന് തിരുവനന്തപുരത്ത്. രജിസ്ട്രേഡ് നഴ്സുമാർക്കും മറ്റ് സ്കിൽഡ് പ്രൊഫഷണലുകൾക്കും (നഴ്സിംഗ് ഇതര വിഭാഗങ്ങൾ) പരിശീലനത്തിൽ പങ്കെടുക്കാം.താൽപര്യമുള്ളവർ നോർക്ക റൂട്ട്സ് വെബ്ബ്സൈറ്റു സന്ദർശിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

## ഇന്നത്തെ പരിപാടി

### ഫോർട്ട് കൊച്ചി

■ **ഫോർട്ട് കൊച്ചി യുപിഎഡി അങ്കണം :** കുടുംബശ്രീ വിപണന മേള – രാവിലെ 10ന്.

### തൃപ്പൂണിത്തുറ

■ **തൃപ്പൂണിത്തുറ ശ്രീ വെങ്കടേശ്വര ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽ** സുവർണ ജൂബിലി ആഘോഷം – വൈകിട്ട് 3ന് എംഎൽഎ കെ. ബാബു ഉദ്ഘാടനം ചെയ്യും.

### നെടുമ്പാശ്ശേരി

■ **നെടുമ്പാശ്ശേരി സിയാൽ ഗ്രൗണ്ട് :** സിയാൽ എയ്റോ പാർക്ക് ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ 10.30 ന്

### കളമശ്ശേരി

■ **കളമശ്ശേരി മെഡിക്കൽ കോളജ് ക്യാമ്പസ്:** കൊച്ചി കാൻസർ റിസർച്ച് സെന്റർ പുതിയ കെട്ടിടം ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകുന്നേരം 03 ന്

### വൈറ്റില

■ **വൈറ്റില പൊന്നുരുന്നി ഗവ. എൽപിഎസ്** : എൽപിഎസ്ടി തസ്തികയിൽ ഒഴിവുകളിലേക്കുള്ള അഭിമുഖം – ഉച്ചയ്ക്ക് 2ന്.

### പെരുമ്പാവൂർ

■ **നഗരസഭ ടൗൺ ഹാൾ :** നഗരസഭ 2026-27 വാർഷീക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വികസന സെമിനാർ – രാവിലെ 10.30ന്.

# വ്യാപാരി പ്രതിനിധിയില്ലാത്ത മുന്നണി കേരളം ഭരിക്കില്ല : കെ.വി.വി.ഇ.എസ്



*കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ പൊറ്റക്കുഴിയിൽ നിർമ്മിച്ച മൂന്നാമത് വ്യാപാര ഭവൻ ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്യുന്നു. പി.എ സഫറുള്ള, ഡെപ്യൂട്ടി മേയർ ദീപക് ജോയി, സാന്ദ്ര തോമസ്, ഹൈബി ഈഡൻ എം.പി, പി. സി ജേക്കബ്ബ്, പ്രദീപ് ജോസ്, അയ്യപ്പൻ പിള്ള, എം. സി പോൾസൺ, എഡ്വേർഡ് ഫോസ്റ്റസ്, എം. മനോജ് കുമാർ, ടി. ജെ വിനോദ് എം.എൽ.എ, എസ്.എച്ച്. ഒ ഹരികൃഷ്ണൻ, മേയർ അഡ്വ. വി. കെ മിനിമോൾ, സീന ഗോകുലൻ, ജിമ്മി ചക്യത്ത് തുടങ്ങിയവർ മുൻ നിരയിൽ*

**കൊച്ചി:**വരാൻ പോകുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ വ്യാപാരികളുടെ പ്രതിനിധിയില്ലാത്ത മുന്നണി കേരളം ഭരിക്കില്ലെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര പറഞ്ഞു. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ പൊറ്റക്കുഴിയിൽ നിർമ്മിച്ച മൂന്നാമത് വ്യാപാര ഭവൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വ്യാപാരി സമൂഹത്തിന്റെ പ്രതിനിധി അടുത്ത നിയസഭയിൽ ഉണ്ടാകുമെന്നും അതിന് തയ്യാറാകാത്ത മുന്നണി ആരായാലും അവർ ഇനി കേരളം ഭരിക്കില്ലെന്നും രാജു അപ്സര പറഞ്ഞു. അംഗങ്ങളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ അവാർഡ് വിതരണവും, 75 വയസ് കഴിഞ്ഞ ആദ്യകാല നേതാക്കൾക്കുള്ള പെൻഷൻ വിതരണവും ചടങ്ങിൽ അദ്ദേഹം നിർവ്വഹിച്ചു.

എളമക്കര യൂണിറ്റ് പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വികസന പദ്ധതികൾക്കായി കുടിയൊഴിപ്പിക്കപ്പെടുന്ന വാടക കെട്ടിടങ്ങളിലെ വ്യാപാരികൾക്ക് പാക്കേജ് നടപ്പിലാക്കാൻ ശക്തമായ പോരാട്ടം അനിവാര്യമാണെന്ന് ചടങ്ങിൽ കെ.വി.വി.ഇ.എസ് ഓഫിസ് ഉദ്ഘാടനം നിർവ്വഹിച്ച ഹൈബി ഈഡൻ എം.പി പറഞ്ഞു. എ.സി ഹാളിന്റെ ഉദ്ഘാടനം ടി.ജെ വിനോദ് എം.എൽ.എയും ശിലാഫലകം അനാശ്ചാദനം കെ.വി.വി.ഇ.എസ് ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബും ചടങ്ങിൽ നിർവ്വഹിച്ചു. കൊച്ചി മേയർ അഡ്വ. വി. കെ മിനിമോൾ, ഡെപ്യൂട്ടി മേയർ ദീപക് ജോയി, പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ സീന ഗോകുലൻ, കൗൺസിലർമാരായ ദീപ്തി മേരി വർഗ്ഗീസ്, ബ്രിജിത് ആഷ് വിൻ, വി. ആർ സുധീർ, ബീന മഹേഷ്, സിനി ആനന്ദ്, നിമ്മി മറിയം, ചലച്ചിത്ര നിർമ്മാതാവ് സാന്ദ്ര തോമസ്, എളമക്കര പോലിസ് സ്റ്റേഷൻ എസ്.എച്ച് ഒ ഹരികൃഷ്ണൻ, കെ.വി.വി.ഇ.എസ് സംസ്ഥാന എക്സിക്യൂട്ടീവ് അംഗം അയ്യപ്പൻ പിള്ള, ജില്ലാ ജനറൽ സെക്രട്ടറി സി. എസ് രാമചന്ദ്രൻ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, ട്രഷറർ സി. എസ് അജ്മൽ, നിയോജകമണ്ഡലം പ്രസിഡന്റ് എം. സി പോൾസൺ, യൂത്ത് വിംഗ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പ്രദീപ് ജോസ്, വനിതാ വിംഗ് സംസ്ഥാന വൈസ് പ്രസിന്റ് ജയാ പീറ്റർ, തുടങ്ങിയവരെ ചടങ്ങിൽ ആദരിച്ചു.

വനിതാ വിംഗ് നിയോജകമണ്ഡലം പ്രസിഡന്റ് ഷക്കീല സുവൃതൻ, യൂണിറ്റ് ജനറൽ സെക്രട്ടറി എസ്. മനോജ് കുമാർ, ട്രഷറർ പി.എ സഫറുള്ള, വൈസ് പ്രസിഡന്റ് പി. വി മോഹൻദാസ് തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് വാർഷിക പൊതുയോഗവും നടന്നു.

## വിദ്യാർത്ഥികൾക്ക് ആകാശ യാത്ര ഒരുക്കി ഐസിഎൽ ഫിൻകോർപ്പ്




**തൃശ്ശൂർ :** ഭിന്നശേഷി വിദ്യാർഥികൾക്ക് ആകാശയാത്രയൊരുക്കി ഐ.സി.എൽ ഫിൻകോർപ്പ്. സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള തൃശ്ശൂർ അരണാട്ടുക്കരയിലെ യു.ആർ.സി ഭിന്നശേഷി വിദ്യഭ്യാസ സ്ഥാപനത്തിലെ കുട്ടികൾക്കാണ് വിമാന യാത്ര സംഘടിപ്പിച്ചത്. ഐ.സി.എൽ ഫിൻകോർപ്പിന്റെ സഹോദര സ്ഥാപനമായ ഐ.സി.എൽ ടൂർ ആന്റ് ട്രാവൽസ് വഴി കൊച്ചിയിൽ നിന്നും തിരുവനന്തപുരത്തേയ്ക്കാണ് വിമാനയാത്ര ഒരുക്കിയത്. ഭിന്നശേഷി വിദ്യാർത്ഥികൾക്കൊപ്പം അവരുടെ അധ്യാപകരും യാത്രയുടെ ഭാഗമായി. ഒരു പകൽ മുഴുവൻ തിരുവനന്തപുരത്ത് വിവിധ കാഴ്ച്ചകൾക് യാത്ര ആസ്വദിച്ച് കുട്ടികൾ അരണാട്ടുകരയിലേയ്ക്ക് ട്രെയിൻ മാർഗ്ഗമാണ് മടങ്ങിയത്.

## കണക്ട് ടു പദ്ധതിയിലേക്ക് അപേക്ഷിക്കാം

**കൊച്ചി:** നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കും പി എസ് സി, യു പി എസ് സി, എസ് എസ് സി, എസ് എസ് ബി, ബാങ്ക്, റെയിൽവേ മറ്റു മത്സര പരീക്ഷകൾക്കായി തയ്യാറെടുക്കുന്നവർക്കും പ്രതിമാസം ആയിരം രൂപ സാമ്പത്തിക സഹായം നൽകുന്ന മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു/വി എച്ച് എസ് സി / ഐടിഐ/ ഡിപ്ലോമ/ ഡിഗ്രി വിജയത്തിനുശേഷം വിവിധ ജോലികൾക്ക് വേിയോ മത്സര പരീക്ഷകൾക്ക് വേിയോ തയ്യാറെടുക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ കവിയാത്ത പതിനെട്ടിനും മുപ്പതിനും ഇടയിൽ പ്രായമുള്ളവരായിരിക്കണം അപേക്ഷകർ. www.eemployment.kerala.gov.in പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേത്. നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർ പരിശീലന സ്ഥാപന മേധാവി നൽകുന്ന സർട്ടിഫിക്കറ്റ്/ സത്യവാങ്മൂലം എന്നിവയും മത്സര പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർ പരീക്ഷയ്ക്ക് അപേക്ഷിച്ച വിവരം എന്നിവയും സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുമായി ബന്ധപ്പെടുക.

# ’ശ്രീ രാമകൃഷ്ണ സേവാ പുരസ്കാരം 2025’ സമ്മാനിച്ചു




**കൊച്ചി:** അഴിമതിയല്ല, അഭിമാനമാണ് നമുക്കുവേണ്ടത് എന്ന തിരിച്ചറിവ് പുതിയ തലമുറയുടെ വികാരമായി താൻ കാണുന്നുവെന്ന് ബംഗാൾ ഗവർണർ ഡോ .സി വി ആനന്ദബോസ് പറഞ്ഞു. സമഗ്ര സംഭാവനക്കുള്ള ‘ശ്രീ രാമകൃഷ്ണ സേവാ പുരസ്കാരം 2025‘ കലൂർ ശ്രീ രാമകൃഷ്ണ സേവാശ്രമത്തിൽ നടന്ന ചടങ്ങിൽ ഏറ്റുവാങ്ങിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. മാനേജിങ് ട്രസ്റ്റി സി.എസ് മുരളീധരൻ, കമ്മിറ്റി അംഗങ്ങളായ പി. കുട്ടികൃഷ്ണൻ, രാജീവ് വി, സി. ജി രാജഗോപാൽ, ഹണി എസ് ഗോപി എന്നിവരും സംസാരിച്ചു.

എഴുത്തുകാരൻ സി.രാധാകൃഷ്ണന് ഗവർണർ ഡോ.സി.വി ആനന്ദബോസ് ഗവർണർ എക്സലൻസ് പുരസ്കാരം സമർപ്പിച്ചു. രാവിലെ അദ്ദേഹത്തിന്റെ വസതിയിലെത്തിയ ഗവർണറെ സി രാധാകൃഷ്ണൻ, ഭാര്യ വത്സല, മരുമകൾ സുഭദ്ര ഗോപാൽ, ബന്ധു ഇ കുമാരൻ എന്നിവർ ചേർന്ന് സ്വീകരിച്ചു. സി.രാധാകൃഷ്ണന്റെ പുതിയ പുസ്തകങ്ങളായ ഫാബ്രിക് ഓഫ് സ്പേസ്, ദി സീക്രെട് ബിഹൈൻഡ് യൂണിവേഴ്സ് എന്നിവ ഗവർണർക്ക് സമ്മാനിച്ചു. സി രാധാകൃഷ്ണനെപ്പോലുള്ള ബഹുമുഖപ്രതിഭകൾ ശാസ്ത്രലോകത്തെയും സാഹിത്യലോകത്തെയും ഒരു വിളക്കിനെ പോലെ പരിപോഷിപ്പിച്ചുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കേരളവും ബംഗാളും തമ്മിൽ അമൂല്യമായ സാഹിത്യ ബന്ധമുണ്ടെന്നും ദയ, കരുണ എന്നീ മൂല്യങ്ങളോടെ സഹവർത്തിക്കാൻ നാം ഓരോരുത്തരും പ്രവർത്തിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എസ് ഐ ആർ വിഷയത്തിൽ ബന്ധപ്പെട്ടു ഉചിതമായ നടപടികൾ ഉണ്ടാകുമെന്നും അതിൽ പരിഭ്രമിക്കേണ്ട ആവശ്യമില്ലെന്നും അദ്ദേഹം പറഞ്ഞു.

# ലക്ഷ്യം കാർബൺ രഹിത കേരളം; ഊർജ്ജ സ്വയംപര്യാപ്തത അനിവാര്യമെന്ന് മന്ത്രി കെ. കൃഷ്ണൻകുട്ടി




**കൊച്ചി:** ജനകീയ കൂട്ടായ്മകളിലൂടെയും നവീന സാങ്കേതികവിദ്യകളിലൂടെയും ഹരിതാഭവും കാർബൺ രഹിതവുമായ ഒരു കേരളം കെട്ടിപ്പടുക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി. ഊർജ്ജ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും, സുസ്ഥിരമായ ഊർജ്ജ മാതൃകകൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ നാം തയ്യാറാകണമെന്നും മന്ത്രി പറഞ്ഞു. പനങ്ങാട് കുഫോസ് കാമ്പസിൽ നടക്കുന്ന മൂന്നാമത് അന്താരാഷ്ട്ര ഊർജ്ജ മേള ഓൺലൈനായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

'എംപവർ, എനർജി ഫ്യൂച്ചർ' എന്ന പ്രമേയത്തിൽ നടക്കുന്ന മേളയുടെ പ്രധാന ആകർഷണം ഗ്രീൻ എക്സ്പോയാണ്. ഇലക്ട്രിക് വാഹനങ്ങളും സൗരോർജ്ജ ഉത്പന്നങ്ങളും ഉൾപ്പെടെയുള്ള നവീന സാങ്കേതികവിദ്യകൾ നേരിട്ട് കണ്ടു മനസ്സിലാക്കാൻ സാധാരണക്കാർക്ക് അവസരമുണ്ട്. ഗൃഹസ്ഥർക്കും സന്ദർശകർക്കുമായി 'ഇ-കുക്കിംഗ്' പരിശീലന സെഷനുകൾ മേളയിൽ സജ്ജീകരിച്ചിട്ടുണ്ട്. അടുക്കളകളിൽ സുരക്ഷിതമായും ലാഭകരമായും വൈദ്യുതി ഉപയോഗിക്കുന്നത് ഊർജ്ജ ശീലങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കുമെന്ന് മന്ത്രി പറഞ്ഞു. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവയുടെ നേതൃത്വത്തിൽ ബോയിലർ സുരക്ഷ, ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ, ബാറ്ററി സ്റ്റോറേജ് എന്നിവയിലെ സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകളും നടക്കുന്നുണ്ട്. ഗ്ലോബൽ ഗ്രീൻ ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ട്, ആറ്റോമിക് എനർജി റിപ്പയേഴ്സ് അസോസിയേഷൻ തുടങ്ങിയവയുടെ സഹകരണത്തോടെ നടക്കുന്ന പാനൽ ചർച്ചകളും സെമിനാറുകളും മേളയുടെ വൈജ്ഞാനിക മൂല്യം വർദ്ധിപ്പിക്കുന്നു.

പ്രൊഫസർ വി.കെ. ദാമോദരന്റെ സ്മരണാർത്ഥം വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചിരിക്കുന്ന പ്രൊജക്റ്റ് എക്സ്പോയിൽ 14 ജില്ലകളിലെ എനർജി ക്ലബ്ബുകളിൽ നിന്നുള്ള നൂതന കണ്ടുപിടുത്തങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നു. യുവതലമുറയെ സൃഷ്ടിപരമായ ചിന്തകളിലേക്ക് നയിക്കാൻ ഇത് സഹായകമാകുമെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ കെ ബാബു എംഎൽഎ അധ്യക്ഷത വഹിച്ചു. ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ ഓൺലൈനായി മുഖ്യപ്രഭാഷണം നടത്തി. എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ ആർ. ഹരികുമാർ, കുഫോസ് വൈസ് ചാൻസലർ പ്രൊഫ. ഡോ. എ ബിജു കുമാർ, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് ജോയിന്റ് ഡയറക്ടർ അനിൽ കുര്യാക്കോസ്, ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ കെ ടി സന്തോഷ്, എനർജി മാനേജ്മെന്റ് സെന്റർ കേരള ഹെഡ് ഓഫ് സെക്ഷൻ ജോൺസൺ ഡാനിയേൽ തുടങ്ങിയവർ സംസാരിച്ചു.

## ട്രാഫിക് ക്യാമറകൾ സ്ഥാപിക്കാൻ ഫണ്ടില്ലെന്ന് ജില്ലാ കളക്ടർ : നഗരസഭ പരിഗണിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി :** എറണാകുളം നഗരസഭാ പരിധിയിൽ ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനായി ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗനിഷൻ (എ.എൻ.പി.ആർ) ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ഫണ്ട് നഗരസഭ നൽകണമെന്ന ജില്ലാ കളക്ടറുടെ ആവശ്യം നഗരസഭാ സെക്രട്ടറി പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്. കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡിൽ (സി.എസ്.എം.എൽ) ഫണ്ടിന്റെ അപര്യാപ്തതയുള്ള സാഹചര്യത്തിലാണ് ഗതാഗത സുരക്ഷ മുൻനിർത്തി ക്യാമറ സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിക്കാൻ കളക്ടർ നിർദ്ദേശിച്ചത്.

പ്രവർത്തനക്ഷമമായ നാല് എ.എൻ.പി.ആർ ക്യാമറകൾക്ക് പുറമേ 57 ക്യാമറകൾ കൂടി സ്ഥാപിക്കണമെന്ന് വാഹനഗതാഗത വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം റോഡ് സേഫ്റ്റി കമ്മീഷണർക്ക് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെന്ന് മോട്ടോർ വാഹന വകുപ്പ് കമ്മീഷനെ അറിയിച്ചു. ക്യാമറകൾക്ക് പണമടക്കാത്തതിനാൽ കണക്ഷൻ റദ്ദാക്കാനുള്ള നടപടികൾ ബി.എസ്.എൻ.എൽ ആരംഭിച്ചിട്ടുണ്ടെന്നും വാഹന ഗതാഗത വകുപ്പ് കമ്മീഷനെ അറിയിച്ചു.നഗരപരിധിയിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ പ്രവർത്തന സജ്ജമാണോയെന്ന് പരിശോധിക്കാൻ ജില്ലാ പോലീസ് മേധാവി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. കൊച്ചി കോർപ്പറേഷൻ സെക്രട്ടറി, ആർ.റ്റി.ഒ., റോഡ് സേഫ്റ്റി കമ്മീഷണർ എന്നിവർ യോഗത്തിൽ പങ്കെടുക്കണം.

ട്രാഫിക് സിഗ്നലുകൾ പ്രവർത്തനക്ഷമമാണോയെന്നും പരിശോധിക്കണം. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ജില്ലാ പോലീസ് മേധാവി സിറ്റി, ആർ.റ്റി.ഒ., നഗരസഭാ സെക്രട്ടറി എന്നിവർ മൂന്നാഴ്ചക്കകം സമർപ്പിക്കണം.എ.സി.പി. (ട്രാഫിക്), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണം), എറണാകുളം ആർ.റ്റി.ഒ. എന്നിവർ കേസ് പരിഗണിക്കുന്ന മാർച്ച് 3 ന് രാവിലെ 10 ന് പത്തടിപ്പാലം പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൌസിൽ നടക്കുന്ന സിറ്റിംഗിൽ ഹാജരാകണം.

## കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ : ഇന്ന് നാടിന് സമർപ്പിക്കും

**കൊച്ചി:** മധ്യകേരളത്തിലെ കാൻസർ ചികിത്സാ രംഗത്ത് വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിച്ചുകൊണ്ട് കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ ( സി.സി.ആർ.സി) അത്യാധുനിക കെട്ടിട സമുച്ചയം ഇന്ന് വൈകുന്നേരം 3 ന് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷയാകും. വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് ആമുഖ പ്രഭാഷണം നടത്തും. ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ മുഖ്യപ്രഭാഷണം നിർവ്വഹിക്കും. പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ മുഖ്യാതിഥിയായി പങ്കെടുക്കും.സി.സി.ആർ.സി സ്പെഷ്യൽ ഓഫീസറും സിയാൽ എം.ഡിയുമായ എസ്. സുഹാസ് പദ്ധതി റിപ്പോർട്ട് അവതരിപ്പിക്കും.കളമശ്ശേരി മെഡിക്കൽ കോളേജ് ക്യാമ്പസിലെ 12.63 ഏക്കർ സ്ഥലത്ത് 6.3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് കൊച്ചിൻ കാൻസർ സെന്ററിന്റെ അത്യാധുനിക മന്ദിരം നിർമ്മിച്ചിരിക്കുന്നത്.

## ജില്ലാ വികസന സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** ജില്ലയുടെ സമഗ്ര വികസനവും ജനക്ഷേമവും ലക്ഷ്യമിട്ടുള്ള അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതികൾ തയ്യാറാക്കുന്നതിനായി ജില്ലാ വികസന സെമിനാർ സംഘടിപ്പിച്ചു. യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാധാകൃഷ്ണൻ അധ്യക്ഷനായി. കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, പശ്ചാത്തല സൗകര്യം തുടങ്ങിയ വിവിധ വികസന മേഖലകളെ ആസ്പദമാക്കി രൂപീകരിച്ച 29 ഉപസമിതികൾ തയ്യാറാക്കിയ വിശദമായ റിപ്പോർട്ടുകളും ശുപാർശകളും സെമിനാർ ചർച്ച ചെയ്തു. ഓരോ ഉപസമിതിയും കൈകാര്യം ചെയ്യുന്ന മേഖലകളിലെ നിലവിലെ പോരായ്മകളും ഭാവിയിൽ നടപ്പിലാക്കേ പദ്ധതികളും സെമിനാറിൽ അവതരിപ്പിച്ചു.ജില്ലാ കളക്ടർ ജി. പ്രിയങ്ക, അസിസ്റ്റന്റ് കളക്ടർ പാർവതി ഗോപകുമാർ, ജില്ലാ പ്ലാനിംഗ് ഓഫീസർ ജി. ഉല്ലാസ്,വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## നവജാത ശിശു തീവ്രപരിചരണ വിഭാഗം പ്രവർത്തിക്കില്ല

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ നവജാത ശിശു തീവ്രപരിചരണ വിഭാഗം (NICU) അടിയന്തിര അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഫെബ്രുവരി 9 മുതൽ ഫെബ്രുവരി 14 വരെ പ്രവർത്തിക്കുന്നതല്ല. സമീപ ആശുപത്രികളിൽ നിന്നും മാസം തികയാതെ ജനിക്കുന്ന നവജാത ശിശുക്കളുടെയും, മറ്റ് റെഫറലുകളും ഈ കാലയളവിൽ ഒഴിവാക്കും. പൊതുജനങ്ങൾ ഇതുമായി സഹകരിക്കണമെന്ന് മെഡിക്കൽ കോളേജ് അധികൃതർ അഭ്യർത്ഥിച്ചു.

## ഇ–ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിൽ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കായി ഇ-ടെൻഡർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ ചോറ്റാനിക്കര അസിസ്റ്റന്റ് എൻജിനീയറുടെ ( എൽ ഐ ഡി ആൻഡ് ഇ ഡബ്ല്യു വിഭാഗം) ഓഫീസിൽ നിന്നോ www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നോ ലഭ്യമാണ്. ഫോൺ : 0484 2422292

## യുവജന കമ്മീഷൻ ദേശീയ സെമിനാർ : അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന യുവജന കമ്മീഷൻ ഫെബ്രുവരി അവസാന വാരം തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന 'യുവജന ക്ഷേമവും ജീവിതശൈലീ മാറ്റങ്ങളും' എന്ന വിഷയത്തിലുള്ള ദേശീയ സെമിനാറിലേക്ക് അപേക്ഷ ക്ഷണിച്ചു.18നും 40നും മധ്യേ പ്രായമുള്ളവർക്ക് ഫെബ്രുവരി 18 വരെ അപേക്ഷിക്കാം. മികച്ച പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നവർക്കും അക്കാദമിക് മികവുള്ളവർക്കും മുൻഗണന ലഭിക്കും. താൽപര്യമുള്ളവർ ഫോട്ടോ സഹിതമുള്ള ബയോഡേറ്റയും പ്രബന്ധസംഗ്രഹവും skycyouthseminar@gmail.com എന്ന മെയിലിലോ, വികാസ് ഭവനിലുള്ള കമ്മീഷൻ ഓഫീസിൽ തപാൽ മുഖേനയോ (കേരള സംസ്ഥാന യുവജന കമ്മീഷൻ ,വികാസ് ഭവൻ,പി.എം.ജി തിരുവനന്തപുരം 33) ,നേരിട്ടോ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഫോൺ : 8086987262, 0471-2308630

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കേരള ഹൈക്കോടതിയിലേക്ക് ആവശ്യമായ കയർ മാറ്റുകളും റബ്ബർ മാറ്റുകളും വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു.താൽപ്പര്യമുള്ളവർ രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം 682031 എന്ന വിലാസത്തിൽ ഫെബ്രുവരി 13 ന് മുമ്പായി ടെൻഡറുകൾ സമർപ്പിക്കേതാണ്.

## ഹരിതകേരളം മിഷൻ: ഫോട്ടോഗ്രാഫി, റീൽസ് മത്സരങ്ങൾ; എൻട്രികൾ 17 വരെ സമർപ്പിക്കാം

**കൊച്ചി:** ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന ദേശീയ പരിസ്ഥിതി സമ്മേളനത്തോടനുബന്ധിച്ച് ഫോട്ടോഗ്രാഫിയും റീൽസും ഉൾപ്പെടുന്ന മത്സരങ്ങൾ സംഘടിപ്പിക്കുന്നു. 'ഹരിത കേരളം; വെള്ളം, വൃത്തി, വിളവ്' എന്ന വിഷയത്തെ ആസ്പദമാക്കി കേരളത്തിലെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളും ഹരിതസമൃദ്ധിയുടെ വീണ്ടെടുപ്പും ദൃശ്യരൂപത്തിൽ അവതരിപ്പിക്കുന്ന ഫോട്ടോകളും റീലുകളുമാണ് മത്സരത്തിനായി അയക്കേണ്ടത്. എൻട്രികൾക്കൊപ്പം ഹ്രസ്വ വിവരണവും ഉൾപ്പെടുത്താം.ക്യാമറയിലും മൊബൈൽ ഫോണിലും പകർത്തിയ ചിത്രങ്ങളും റീലുകളും മത്സരത്തിന് സ്വീകരിക്കും. ഫോട്ടോഗ്രാഫി മത്സരവും റീൽ മത്സരവും പ്രത്യേകം സംഘടിപ്പിക്കുന്നതാണ്. വിജയികൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകും. കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഫെബ്രുവരി 17 വരെ എൻട്രികൾ ഓൺലൈനായി സമർപ്പിക്കാം. www.haritham.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് എൻട്രികൾ സമർപ്പിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കാം.

# ഭാരതി എയർടെലിന് 19.6% വർധനവ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ടെലികോം കമ്പനിയായ ഭാരതി എയർടെൽ 2025 ഡിസംബർ പാദഫലങ്ങൾ പ്രഖ്യാപിച്ചു. കമ്പനിയുടെ വരുമാനത്തിൽ 19.6 % വർധനവ് രേഖപ്പെടുത്തി. ഉപയോക്താക്കളുടെ എണ്ണത്തിലും നേട്ടമുണ്ട്.കമ്പനിയുടെ അറ്റാദായത്തിൽ ഇയർ ഓൺഇയർ അടിസ്ഥാനത്തിൽ 55% ഇടിവുണ്ട്. അതേ സമയം വരുമാനത്തിൽ ഇക്കാലയളവിൽ 19.6% വളർച്ചയും രേഖപ്പെടുത്തി. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനിയുടെ പ്രവർത്തന വരുമാനം 45,129 കോടി രൂപയിൽ നിന്ന് 53,982 കോടിയിലേക്ക് 19.6% വർധന രേഖപ്പെടുത്തിയത്. കമ്പനിയുടെ അറ്റാദായം 14,781 കോടി രൂപയിൽ നിന്ന് 6,630 കോടി രൂപയായി. പുകുതിയിലധികം ഇടിവാണ് രേഖപ്പെടുത്തിയത്. എയർടെല്ലിന്റെ EBITDA (Earnings Before Interest, Taxes, Depreciation, and Amortization) 31,144 കോടി രൂപയാണ്. EBITDA മാർജിൻ 57.7% എന്ന നിലയിലാണ്. കമ്പനിയുടെ ഉപയോക്താക്കളുടെ എണ്ണത്തിൽ മികച്ച വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്മാർട്ഫോൺ ഡാറ്റ കസ്റ്റമേഴ്സ് വാർഷികാടിസ്ഥാനത്തിൽ 20.8 മില്യൺ, ക്വാർട്ടർ ഓൺ ക്വാർട്ടർ അടിസ്ഥാനത്തിൽ 5.2 മില്യൺ എന്നിങ്ങനെ വർധിച്ചു. കമ്പനിയുടെ ആകെ മൊബൈൽ ഉപയോക്താക്കളുടെ 79% എന്ന തോതാണിത്. കമ്പനിക്ക് പുതിയതായി 0.62 മില്യൺ പോസ്റ്റ്പെയ്ഡ് ഉപയോക്താക്കളെയും ലഭിച്ചു. ടെലികോം കമ്പനികളെ സംബന്ധിച്ച് ARPU (Average Revenue Per User) പ്രധാനമാണ്. ഭാരതി എയർടെല്ലിന്റെ ARPU നിലവിൽ 259 രൂപയാണ്. കഴിഞ്ഞ വർഷം സമാന പാദത്തിൽ ഇത് 245 രൂപ എന്ന നിലവാരത്തിലായിരുന്നു. കമ്പനിയുടെ ഒരു ഉപയോക്താവിന്റെ, ഒരു മാസത്തെ മൊബൈൽ ഡാറ്റ ഉപഭോഗത്തിന്റെ കണക്കുകൾ 29.2% വർധിച്ച് 29.8 GB എന്ന നിലയിലെത്തി.

# ചെറുകിട സംരംഭങ്ങൾക്ക് പുരപ്പുറ സൗരോർജ്ജം;വായ്പകൾ അവതരിപ്പിച്ച് ആക്സിസ് ബാങ്ക്

**കൊച്ചി:** സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് മേൽക്കൂരയിൽ സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കാനായി ആക്സിസ് ബാങ്ക് പ്രത്യേക വായ്പാ പദ്ധതി അവതരിപ്പിച്ചു. ഇതനുസരിച്ച് എംഎസ്എംഇ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് ഈടില്ലാതെ പത്തു ലക്ഷം രൂപ മുതൽ രണ്ടു കോടി രൂപ വരെ വായ്പ ലഭിക്കും. നാലു മുതൽ ഏഴു വർഷം വരെയായിരിക്കും തിരിച്ചടവു കാലാവധി. രാജ്യവ്യാപകമായുള്ള ആക്സിസ് ബാങ്ക് ശാഖകളിലൂടെ ഈ പദ്ധതി ലഭ്യമാണ്.

## സൗജന്യ ഇലക്ട്രിക് വാഹന സർവീസിങ് പരിശീലനം

**കൊച്ചി:** സംസ്ഥാന പിന്നാക്ക വികസന വകുപ്പും അസാപ്പ് കേരളയും ചേർന്ന് ഒബിസി (നോൺ ക്രീമിലെയർ) വിഭാഗക്കാർക്കായി കുന്നന്താനം കിൻഫ്ര പാർക്കിലെ കമ്യൂണിറ്റി സ്കിൽ പാർക്കിൽ സൗജന്യ ഇലക്ട്രിക് വാഹന സർവീസിങ് പരിശീലനം നൽകുന്നു. ആറുമാസം ദൈർഘ്യമുള്ള കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസ് ലഭ്യമാക്കും.അപേക്ഷകൾ ഓൺലൈനായി ഫെബ്രുവരി 10 ന് മുമ്പ് സമർപ്പിക്കണം.
ഫോൺ : 9495999688

## തംസ് അപ്പിന്റെ പുതിയ ഗാനം അവതരിപ്പിച്ചു

**കൊച്ചി:** തംസ് അപ്പിനു വേി ഹനുമാൻകൈൻഡും വിശാൽ ദദ്‌ലാനിയും ചേർന്ന് ഒരു ഹൈഒക്ടേൻ 'ടേസ്റ്റ് ദി തർ' ഗാനം അവതരിപ്പിച്ചു. ഡബ്ല്യുപിപി ഒഗിൽവി ആശയാവിഷ്ക്കാരം നൽകിയതും യൂണിവേഴ്സൽ മ്യൂസിക് ഗ്രൂപ്പുമായി സഹകരിച്ച് നിർമ്മിച്ച് ബിജോയ് ഷെട്ടി സംവിധാനം ചെയ്ത ടേസ്റ്റ് ദി തർ ഗാനം മുംബൈയിൽ ക്ഷണിക്കപ്പെട്ടവർക്ക് മാത്രമുള്ള മാധ്യമ, ക്രിയേറ്റർ ഷോയിലാണ് അരങ്ങേറിയത്. ഹനുമാൻകൈൻഡ്, വിശാൽ ദദ്‌ലാനി, ബിജോയ് ഷെട്ടി, സുഷിൻ ശ്യാം, വരുൺ ഗ്രോവർ എന്നിവർ പങ്കെടുത്തു.

## സിആപ്റ്റ് കോഴ്സ് : ഫ്രാഞ്ചൈസികളെ ക്ഷണിച്ചു

**കൊച്ചി:** കേരളസർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സിആപ്റ്റ് മൾട്ടിമീഡിയ അക്കാഡമിയിൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈചെയിൻ, എയർപോർട്ട് ഓപ്പറേഷൻസ് ആൻഡ് ഹോസ്പിറ്റാലിറ്റി, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, കോർപ്പറേറ്റ് ഫിനാൻസ്, പിജിഡിസിഎ, ഡിസിഎ, ഡിഎഫ്എഫ്എ കോഴ്സുകളും എൻഎസ്ക്യൂഎഫ് ലെവൽ4,5 അനുസരിച്ചുള്ള സർട്ടിഫിക്കറ്റ് കോഴ്സുകളായ വെബ് ഡെവലപ്പർ, സോഫ്റ്റ് ഡെവലപ്പർ എൻഎസ്ഇക്ക് കീഴിലുള്ള എൻഐഎസ്എം സീരിസിലെ സ്റ്റോക്ക് മാർക്കറ്റിലെ വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങി 102 കോഴ്സുകൾ നടത്താൻ ഫ്രാഞ്ചൈസികളെ ചുമതലപ്പെടുത്തുന്നു. മാർച്ച് 10വരെ അപേക്ഷിക്കാം. പരീക്ഷ നടത്തിപ്പും സർട്ടിഫിക്കറ്റ് നൽകലും സിആപ്റ്റിന്റെ ചുമതലയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്:
www.captmultimedia.com, mma@captkerala.com, ഫോൺ: 0471-2467728, 9847131115, 7012433735.

# സുസ്ഥിര നഗര ഗതാഗത ഗവേഷണം: കൊച്ചി മെട്രോ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസുമായി ധാരണാപത്രം ഒപ്പുവച്ചു



**കൊച്ചി:** സുസ്ഥിര നഗര ഗതാഗതവും പൊതു ഗതാഗത സംവിധാനങ്ങളും ശക്തിപ്പെടുത്തുക ലക്ഷ്യമിട്ട് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും (ഐഐഎസ്സി), ബംഗളൂരും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. ബഹുമുഖ നഗര ഗതാഗത സംവിധാനങ്ങൾ രൂപപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്യുന്ന കെഎംആർഎല്ലിന്റെ പ്രായോഗിക പരിചയവും, ഡാറ്റയെ ആധാരമാക്കിയ ആധുനിക ഗവേഷണ രംഗത്തെ ഐഐഎസ്സിയുടെ വൈദഗ്ധ്യവും ഒരുമിച്ച് ഉപയോഗപ്പെടുത്തുകയാണ് ധാരണാപത്രത്തിലൂടെ ലക്ഷ്യമിടുന്നത്. സുസ്ഥിര ഗതാഗത ആസൂത്രണം, ഗതാഗത പ്രവർത്തനം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ബ്ലോക്ക്ചെയിൻ, സിമുലേഷൻ മോഡലിംഗ്, തുടങ്ങിയ നവീന സാങ്കേതികവിദ്യകളുടെ പ്രയോഗം എന്നിവയാണ് സഹകരണത്തിന്റെ പ്രധാന മേഖലകൾ.

ഐഐഎസ്സിയുമായി ആരംഭിച്ച ഈ സഹകരണത്തിലൂടെ ശാസ്ത്രീയവും സമഗ്രവുമായ സമീപനം സ്വീകരിച്ച് കൊച്ചിയിലെ ഗതാഗത സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമവും പരിസ്ഥിതി സൗഹൃദവുമാക്കുകയാണ് കെഎംആർഎല്ലിന്റെ ലക്ഷ്യമെന്ന് കെഎംആർഎൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ പറഞ്ഞു. മെട്രോ റെയിൽ, വാട്ടർ മെട്രോ, കനാൽ വികസന പദ്ധതികൾ തുടങ്ങിയ വിവിധ സംരംഭങ്ങളെ ഒരുമിച്ച് ഉൾക്കൊള്ളുന്ന സംയോജിത പരിഹാരങ്ങളാണ് ഇതിലൂടെ രൂപപ്പെടുകയെന്നും അദ്ദേഹം ചൂിക്കാട്ടി. സഹകരണം യഥാർത്ഥ നഗര പ്രശ്നങ്ങൾക്ക് ശാസ്ത്രീയവും പ്രായോഗികവുമായ പരിഹാരങ്ങൾ കത്തെുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് ഐഐഎസ്സി ബെംഗളൂരുവിലെ ഗതാഗത ആസൂത്രണനയ വിഭാഗം പ്രൊഫസർ പ്രൊ. ആശിഷ് വർമ്മ പറഞ്ഞു.

ഗതാഗത ഇടപെടലുകൾ നടപ്പാക്കുന്നതിന് മുൻപ് അവയുടെ പ്രതിഫലനം വിർചൽ അന്തരീക്ഷത്തിൽ വിലയിരുത്താൻ സഹായിക്കുന്ന ആധുനിക സിമുലേഷൻ മോഡലുകളും ബുദ്ധിപരമായ ഉപകരണങ്ങളും ഐഐഎസ്സി വികസിപ്പിച്ചിട്ടുന്നെും, പൊതുഗതാഗത ശൃംഖലകളുടെ രൂപകൽപ്പന, സർവീസ് ഫ്രീക്വൻസി, ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ സ്ഥാനം, ട്രാഫിക് മാനേജ്മെന്റ് തുടങ്ങിയ സങ്കീർണ്ണ വിഷയങ്ങളിൽ ഇവ നിർണായകമാകുമെന്നും അദ്ദേഹം വ്യക്തമാക്കി. ഇന്ത്യയിലെ മറ്റ് നഗരങ്ങൾക്കും അന്താരാഷ്ട്ര തലത്തിലും അനുകരിക്കാവുന്ന സുസ്ഥിര നഗര ഗതാഗത മാതൃകയായി കൊച്ചിയെ ഉയർത്തിക്കൊുവരുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് കെഎംആർഎൽ ഡയറക്ടർ (പ്രോജക്ട്സ്) ഡോ. എം. പി. രാംനവാസ് പഞ്ഞു.

# ഇന്ത്യയിൽ 50 വർഷം പൂർത്തിയാക്കിയ മാഗി തപാൽ സ്റ്റാമ്പ് പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിൽ മാഗി 50 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി നെസ്ലെ ഇന്ത്യ അനുസ്മരണ തപാൽ സ്റ്റാമ്പ് പുറത്തിറക്കി. നെസ്ലെ ഇന്ത്യ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മനീഷ് തിവാരിയും, കേന്ദ്ര ഭക്ഷ്യസംസ്കരണ വ്യവസായ മന്ത്രിയായ ചിരാഗ് പാസ്വാനും ചേർന്നാണ് സ്റ്റാമ്പ് പുറത്തിറക്കിയത്.

കഴിഞ്ഞ അഞ്ച് ദശകങ്ങളായി, നൂഡിൽസും മസാലകളും മുതൽ സോസുകളും സൂപ്പുകളും റെഡിടുകുക്ക് പ്രിയവിഭവങ്ങളും വരെ നിരവധി രുചികരമായ രൂപങ്ങളിലൂടെ മാഗി ഇന്ത്യൻ വീടുകളിലെത്തുന്നു. 'ഒരുമയുടെ 50 വർഷങ്ങൾ' എന്ന സ്റ്റാമ്പ്, പങ്കിട്ട അനുഭവങ്ങൾക്കുള്ള ആദരസൂചകമായി, ഇന്ത്യയിലുടനീളമുള്ള ഭക്ഷണമേശകളിലേക്ക് മാഗി തുടർച്ചയായി കൊണ്ടുവരുന്ന ആത്മീയതയും ആശ്വാസവും ബന്ധങ്ങളുമെല്ലാം പകർത്തുന്നു. ഇന്ത്യൻ ഗൃഹങ്ങളുടെ വിശ്വാസം നേടിയെടുത്ത് 50 വർഷങ്ങൾ പൂർത്തിയാക്കിയ മാഗിയെ കേന്ദ്രമന്ത്രി ചിരാഗ് പാസ്വാൻ അഭിനന്ദിച്ചു.



ഇന്ത്യയിൽ മാഗിക്ക് ഇതൊരു നാഴികക്കല്ലാണ്, ഊർജ്ജസ്വലവും വൈവിധ്യപൂർണ്ണവുമായ ഒരു രാജ്യത്ത് അഞ്ച് പതിറ്റാണ്ടുകൾ പൂർത്തിയാക്കുന്നത് ദശലക്ഷക്കണക്കിന് ആളുകൾ ബ്രാൻഡിൽ അർപ്പിച്ച വിശ്വാസത്തെയും വാത്സല്യത്തെയും ദൈനംദിന സ്നേഹത്തെയും പ്രതിഫലിപ്പിക്കുന്നുവെന്ന് നെസ്ലെ ഇന്ത്യ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മനീഷ് തിവാരി പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# എയർ ഇന്ത്യയുടെ ആദ്യ ഫ്ളാഗ്ഷിപ്പ് ലോഞ്ച് തുറന്നു



**കൊച്ചി:** എയർ ഇന്ത്യയുടെ ഫ്ളാഗ്ഷിപ്പ് ലോഞ്ചായ മഹാരാജ ലോഞ്ച് ന്യൂഡൽഹി ഇന്ദിരാ ഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിലെ ടെർമിനൽ മൂന്നിൽ ആരംഭിച്ചു. ഫെബ്രുവരി 16 മുതൽ ബിസിനസ്, ഫസ്റ്റ് ക്ലാസ് യാത്രക്കാർക്കും ഗോൾഡ്, പ്ലാറ്റിനം മഹാരാജ ക്ലബ് അംഗങ്ങൾക്കും സ്റ്റാർ അലയൻസ് അംഗങ്ങൾക്കും ഘട്ടംഘട്ടമായി ലോഞ്ച് തുറന്ന് നൽകും. യാത്രക്കാർക്ക് പ്രീമിയം സൗകര്യങ്ങൾ ലക്ഷ്യമിട്ടുള്ള ഈ ലോഞ്ചിൽ ഒരേസമയം 300 പേരെ വരെ ഉൾക്കൊള്ളാൻ സാധിക്കും.

16,000 ചതുരശ്ര അടിയാണ് വിസ്തൃതി. ബിസിനസ് ക്ലാസ്, ഫസ്റ്റ് ക്ലാസ് യാത്രക്കാർക്കായി പ്രത്യേകം സ്ഥലം ഒരുക്കിയിട്ടു. എയർ ഇന്ത്യയുടെ പുതിയ ബ്രാൻഡിംഗ്, ഡിസൈൻ എന്നിവ അനുസരിച്ച് പൈതൃകവും ആധുനികതയും സമന്വയിപ്പിച്ചാണ് ലോഞ്ചിന്റെ രൂപകൽപ്പന. ഇന്ത്യയിലും ലോകമെമ്പാടുമുള്ള വിമാനത്താവളങ്ങളിലും ഇത്തരം ലോഞ്ചുകൾ ആരംഭിക്കാൻ എയർ ഇന്ത്യക്ക് പദ്ധതിയുണ്ട്. ആഗോള ഡിസൈൻ സ്റ്റുഡിയോ ആയ ഹിർഷ് ബെഡ്നർ അസോസിയേറ്റ്സ് ആണിത് രൂപകൽപ്പന ചെയ്തത്. യാത്രക്കാരുടെ വ്യത്യസ്ത ആവശ്യങ്ങൾ മുൻനിർത്തിയുള്ള രൂപകൽപ്പനയാണ് ഈ ലോഞ്ചിന്റെ സവിശേഷത. ഏവിയേറ്റേഴ്സ് ബാർ, ഗ്ലോബ്ട്രോട്ടേഴ്സ് സ്റ്റഡി, സെറീനിറ്റി ഏരിയ, ക്രിസ്റ്റൽ ബാർ എന്നിവ പ്രധാന ആകർഷണങ്ങളാണ്. ഫസ്റ്റ് ക്ലാസ് ലോഞ്ചിലെ സീറ്റിംഗ്, ഡൈനിംഗ് മേഖലകൾ റൺവേയെ അഭിമുഖീകരിക്കുന്നതിനാൽ വിമാനങ്ങളുടെ ടേക്ക് ഓഫും ലാന്റിംഗും കാണാൻ സാധിക്കും. ഫസ്റ്റ് ക്ലാസ് യാത്രക്കാർക്കായി പ്രത്യേക സ്ലീപ്പ് സ്യൂട്ടുകളും ഒരുക്കിയിട്ടുണ്ട്.

ഇന്ത്യൻ, അന്താരാഷ്ട്ര വിഭവങ്ങൾ ഉൾപ്പടെയുള്ള ലൈവ് കുക്കിംഗ് സ്റ്റേഷനുകളും ഇവിടെയു്. കൂടാതെ പരമ്പരാഗത രീതികളിൽ നിന്നും പ്രചോദനം ഉൾക്കൊ 'ബെവറേജ് ഓൺ വീൽസ്' സേവനത്തിലൂടെ സീറ്റിലിരുന്ന് തന്നെ കോക്ടെയിലുകളും ആസ്വദിക്കാം.എയർ ഇന്ത്യയുടെ നവീകരണത്തിന്റെ ഭാഗമായുള്ള  നിർണായക നീക്കമാണ്  മഹാരാജ ലോഞ്ചെന്ന് എയർ ഇന്ത്യയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മാനേജിംഗ് ഡയറക്ടറുമായ ക്യാംപ്ബെൽ വിൽസൺ പറഞ്ഞു.

# പിറന്നാൾ കേക്കിന് പകരം മാരത്തൺ മെഡൽ; മൂന്നാം പിറന്നാളിന് മൂന്ന് കിലോമീറ്റർ ഓടിത്തീർത്ത് അയാൻ

**കൊച്ചി:** സാധാരണയായി മൂന്നാം പിറന്നാൾ ആഘോഷങ്ങൾ വർണ്ണാഭമായ പാർട്ടികളിലും കേക്ക് മുറിക്കലിലുമാണ് അവസാനിക്കാറുള്ളത്. എന്നാൽ കാലടി സ്വദേശികളായ ശ്യാം ബാബുവിന്റെയും ആരതിയുടെയും മകൻ അയാൻ തന്റെ മൂന്നാം ജന്മദിനം ആഘോഷിക്കാൻ തിരഞ്ഞെടുത്തത് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ ട്രാക്കായിരുന്നു.  കിലോമീറ്ററുകൾ താണ്ടി ഫിനിഷിംഗ് ലൈൻ കടന്നപ്പോൾ, കാണികൾക്ക് മുന്നിൽ ഈ മൂന്ന് വയസ്സുകാരൻ വിസ്മയമായി മാറി. ഫെബ്രുവരി 8ന് തന്റെ മൂന്നാം ജന്മദിനത്തിൽ തന്നെ മൂന്ന് കിലോമീറ്റർ ദൂരം തളരാതെ ഓടിത്തീർത്ത അയാൻ തന്റെ ജീവിതത്തിലെ ആദ്യ കായിക നാഴികക്കല്ലാണ് പിന്നിട്ടത്. കുഞ്ഞു പാദങ്ങൾ കൊച്ചിയിലെ ട്രാക്കിൽ ആവേശത്തോടെ ചുവടുവെച്ചപ്പോൾ വലിയ കൈയടികളോടെയാണ് കായിക പ്രേമികൾ ഈ കുട്ടിത്താരത്തെ വരവേറ്റത്.




മകന്റെ ശാരീരികക്ഷമതയ്ക്കും മാനസിക വളർച്ചയ്ക്കും മുൻഗണന നൽകുന്ന അമ്മ ആരതിയുടെ നിശ്ചയദാർഢ്യമാണ് അയാനെ ഇത്രയും വലിയൊരു ലക്ഷ്യത്തിലേക്ക് എത്തിച്ചത്. കുട്ടികളെ അമിതമായ നിയന്ത്രണങ്ങളിൽ തളച്ചിടാതെ, അവരുടേതായ രീതിയിൽ ലോകത്തെ അറിയാൻ അനുവദിക്കണമെന്നും ശാരീരികക്ഷമതയും അച്ചടക്കവും നേടിയെടുക്കാൻ കായിക വിനോദങ്ങളോളം മികച്ച മറ്റൊരു വഴിയില്ലെന്നും കായികപ്രേമി കൂടിയായ ഈ അമ്മ ഉറച്ചു വിശ്വസിക്കുന്നു. മാരത്തണിന് മുന്നോടിയായി മാസങ്ങളോളം സൈക്ലിംഗും ഓട്ടവുമൊക്കെയായി കൃത്യമായ പരിശീലനം നൽകിയാണ് അയാനെ ട്രാക്കിലിറക്കിയത്. അയാന്റെ പിതാവ് ശ്യാം ബാബു വിദേശത്തായതിനാൽ മകന്റെ ഈ അപൂർവ്വ പിറന്നാൾ ആഘോഷത്തിന് നേരിട്ട് സാക്ഷിയാകാൻ കഴിഞ്ഞില്ലെങ്കിലും, കുടുംബത്തിന്റെ പൂർണ്ണമായ പിന്തുണയും പ്രോത്സാഹനവുമാണ് ഈ കൊച്ചു മാരത്തൺ റണ്ണറുടെ കരുത്ത്.

മൂന്നാം വയസ്സിൽ തന്നെ മാരത്തൺ വേദിയിൽ ചുവടുറപ്പിച്ച അയാൻ, കേരളത്തിന്റെ കായികലോകത്തേക്ക് വരാനിരിക്കുന്ന ഒരു വലിയ വാഗ്ദാനത്തിന്റെ സൂചനയാണ് നൽകുന്നത്. ആഘോഷങ്ങൾ കേവലം ആഡംബരങ്ങൾ മാത്രമല്ല മറിച്ച് അർത്ഥവത്തായ ലക്ഷ്യങ്ങൾ കൂടിയാവാമെന്ന് ഈ കൊച്ചു മിടുക്കൻ തെളിയിച്ചു കഴിഞ്ഞു.

# വിഫോർയു കാറ്ററിംഗിന്റെ പുതിയ സെൻട്രൽ കിച്ചൺ ഉദ്ഘാടനം ചെയ്തു



*പൊറ്റക്കുഴി ജംഗ്ഷനിൽ ആരംഭിച്ച വിഫോർയു കാറ്ററിംഗിന്റെ പുതിയ സെൻട്രൽ കിച്ചൺ ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്യുന്നു. ഡോ.ഫാ.ജെയിംസ് പെരേപ്പാടൻ, നിറ്റു തോമസ്, തോമസ് സെബാസ്റ്റിയൻ, ടി.ജെ. വിനോദ് എം.എൽ.എ, എസ്.മനോജ്കുമാർ, സീന ടീച്ചർ, എഡ്വേർഡ് ഫോസ്റ്റസ്, ബ്രിജിത്ത് അഷ്വിൻ, പി.സി.ജേക്കബ്, മുഹമ്മദ് ജാഫർ, ഫാ. ടോണി കോട്ടക്കൽ,മോൺ.ഡോ.ആന്റണി പെരുമായൻ, ഫാ.തോമസ് കക്കാട്ടുചിറ തുടങ്ങിയവർ സമീപം.*

**കൊച്ചി** : എളമക്കര ആസ്ഥാനമായി പ്രവർത്തിക്കുന്ന കാറ്ററിംഗ് രംഗത്തെ പ്രമുഖ സ്ഥാപനമായ വിഫോർയുവിന്റെ പുതിയ സെൻട്രൽ കിച്ചൺ പൊറ്റക്കുഴിയിൽ ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്തു. റസ്റ്റോറന്റിന്റെ ആശീർവാദം ഡോ.ഫാ.ജെയിംസ് പെരേപ്പാടൻ നിർവ്വഹിച്ചു. ചടങ്ങിൽ ടി.ജെ.വിനോദ് എം.എൽ.എ, മോൺ. ഡോ.ആന്റണി പെരുമായൻ, ഫാ.പാട്രിക് ഇലവുങ്കൽ, ഫാ.തോമസ് കക്കാട്ടുചിറ, ഫാ.ടോണി കോട്ടക്കൽ, കൗൺസിലർമാരായ വി.ആർ.സുധീർ, സീന ടീച്ചർ, ബ്രിജിത്ത് അഷ്വിൻ, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി.ജേക്കബ്, എളമക്കര യൂണിറ്റ് പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസ്, ജനറൽ സെക്രട്ടറി എസ്.മനോജ് കുമാർ, കാറ്റേഴ്സ് അസ്സോസിയേഷൻ മേഖല പ്രസിഡന്റ് ടി.എം.അയൂബ് തുടങ്ങിയവർ പ്രസംഗിച്ചു

# ലുലു ഫ്ളവർ ഫെസ്റ്റിന് ഫെബ്രുവരി 11ന് തുടക്കം




**കൊച്ചി:** പൂക്കളുടെ വൈവിധ്യങ്ങളെ പരിചയപ്പെടുത്തുന്ന ലുലു ഫ്ളവർ ഫെസ്റ്റ്  ഫെബ്രുവരി 11 മുതൽ 15 വരെ കൊച്ചി ലുലുമാളിൽ നടക്കും. ഫ്ളവർ ഫെസ്റ്റിന്റെ ലോഗോ പ്രകാശനം  സിനിമാ താരങ്ങളായ അർജുൻ അശോകൻ റോഷൻ മാത്യു, വിശാഖ് നായർ, ഇഷാൻ ഷൗക്കത്ത്  എന്നിവർ ചേർന്ന് നിർവഹിച്ചു. ലുലു മാൾ മാനേജർ റിചേഷ് ചാലുപ്പറമ്പിൽ, ഓപ്പറേഷൻസ് മാനേജർ ഒ.സുകുമാരൻ, സെക്യൂരിറ്റി മാനേജർ കെ.ആർ ബിജു, സീനിയർ ചീഫ് എഞ്ചിനിയർ പി പ്രസാദ് എന്നിവർ സന്നിഹിതരായി. വീടും ഉദ്യാനങ്ങളും മനോഹരമാക്കാവുന്ന വ്യത്യസ്തതരം പൂക്കളാൽ ലുലു ഫ്ളവർ ഫെസ്റ്റ് ശ്രദ്ധേയമാകും.

ബോഗെയിൻവില്ല, വിവിധ തരം ഓർക്കിഡുകൾ, കുറഞ്ഞ പ്രായത്തിൽ തന്നെ കായ്ഫലം നൽകുന്ന ഫല സസ്യങ്ങൾ എന്നിവയ്ക്കു പുറമേ വിദേശ രാജ്യങ്ങളിൽ നിന്നുള്ള പുഷ്പ സസ്യങ്ങളും മേളയിൽ പ്രദർശനത്തിനെത്തും. ഇൻഡോർ ഔട്ട്ഡോർ സസ്യങ്ങളാലും പൂച്ചെടികളാലും ഫെസ്റ്റ് ശ്രദ്ധേയമാകും.  ഫെസ്റ്റിന്റെ  ഭാഗമായി പുഷ്പങ്ങളാൽ മാൾ  അലങ്കരിക്കും. കുട്ടികളുടെ വിവിധ മത്സരങ്ങൾ, ക്രിയേറ്റീവ് വർക്ക് ഷോപ്പുകൾ തുടങ്ങിയവയും അരങ്ങേറും.  ഫെസ്റ്റിലേക്ക് വിവിധ നേഴ്സറികൾക്കും പങ്കാളിത്തം കൊള്ളാൻ സാധിക്കും

# കൊച്ചി മാരത്തൺ: രഞ്ജിത്ത് സിങ്ങും അഭിലാഷയും ജേതാക്കൾ

**കൊച്ചി:** നാലാമത് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിൽ പുരുഷ വിഭാഗത്തിൽ രഞ്ജിത്ത് സിങ്ങും വനിതാ വിഭാഗത്തിൽ അഭിലാഷ സഞ്ജീവും ജേതാക്കളായി. 42.1 കി.മി മാരത്തണിൽ പഞ്ചാബ് അമൃത്സർ സ്വദേശിയും ആർമി ഉദ്യോഗസ്ഥനുമായ രഞ്ജിത്ത് സിങ് രണ്ട് മണിക്കൂർ 28 മിനിറ്റ് 53 സെക്കൻഡിലാണ് ഒന്നാമതായി ഓടിയെത്തിയത്. മുംബൈ മാരത്തണിൽ ഉൾപ്പെടെ പങ്കെടുത്തിട്ടുള്ള താരം ഇതാദ്യമായാണ് കൊച്ചി മാരത്തണിന്റെ ഭാഗമാകുന്നത്. മഹാരാഷ്ട്ര സ്വദേശിയായ അഭിലാഷ മൂന്ന് മണിക്കൂർ 10 മിനിറ്റ് 26 സെക്കൻഡിൽ ഫിനിഷ് ചെയ്ത് വനിതാ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടി. 22 കാരിയായ അഭിലാഷ നേരത്തെ മുംബൈ മാരത്തണിൽ അഞ്ചാം സ്ഥാനം നേടിയിട്ടുണ്ട്. പുരുഷ വിഭാഗത്തിൽ തിരുവനന്തപുരം ചെമ്പഴന്തി സ്വദേശി മനോജ് ആർ.എസ് (2:33:21) രണ്ടാം സ്ഥാനവും മധുര സ്വദേശി വിനോദ് കുമാർ (2:34:52) മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വനിതാ വിഭാഗത്തിൽ ഉത്തരാഖണ്ഡ് സ്വദേശി കെ.എം ലക്ഷ്മി (3:33:01) രണ്ടാമതും പൊള്ളാച്ചി സ്വദേശി ദിവ്യ എസ് (3:39:37) മൂന്നാമതും എത്തി. ആദ്യ മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം 1,25,000, 1,00,000, 75,000 രൂപ വീതം ക്യാഷ് പ്രൈസും മെഡലും വിതരണം ചെയ്തു.

21 കി.മീ ഹാഫ് മാരത്തണിലെ 18–40 വയസ് പുരുഷ വിഭാഗത്തിൽ ജമ്മു കാശ്മീർ സ്വദേശി ആദിത്യ സിങ് (1:10:40) ഒന്നാമതെത്തി. വയനാട് സ്വദേശി സന്ദീപ് വി.കെ (1:12:40), പാലക്കാട് സ്വദേശി ജെറാൾഡ് സിസിൽ (1:15:05) എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വനിതാ വിഭാഗത്തിൽ പാലക്കാട് സ്വദേശി ഐശ്വര്യ എസ് (1:45:10) ഒന്നാം സ്ഥാനം നേടിയപ്പോൾ കോട്ടയം സ്വദേശി ദേവിക ബെൻ (1:51:57), അന്ന (1:56:58) എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ സ്വന്തമാക്കി. 40–50 വയസുവരെയുള്ളവരുടെ ഹാഫ് മാരത്തണിൽ പുരുഷ വിഭാഗത്തിൽ ഷിജോ ജോസഫ് (1:31:07), സിജു എ (1:38:12), രജ്പൽ സിങ് (1:39:18) എന്നിവരും വനിതാ വിഭാഗത്തിൽ റീന മനോഹർ (1:54:00), നിഷ ബിനോയ് (2:46:27), ദീപിക ജെയിൻ (2:50:28) എന്നിവരും ആദ്യ മൂന്ന് സ്ഥാനങ്ങളിൽ എത്തി. 5065 വയസുവരെയുള്ള പുരുഷ വിഭാഗത്തിൽ അജി കുമാർ, ബഫർ, തയ്ക്കി സകിമി എന്നിവരും വനിതാ വിഭാഗത്തിൽ ലൗവ്‌ലി ജോൺസൺ(2:20:45), സുമ ബിനോയ് ഉമ്മൻ(2:53:57) എന്നിവരും വിജയികളായി. 65 വയസ്സിന് മുകളിലുള്ളവരുടെ വിഭാഗത്തിൽ ഷൺമുഖം എസ് (1:37:30) ഒന്നാമതെത്തിയപ്പോൾ ജോർജ്ജ് ബെനഡിക്ട് (1:52:31) രണ്ടാം സ്ഥാനവും സദാനന്ദൻ പിള്ള (2:05:00) മൂന്നാം സ്ഥാനവും നേടി.

പത്ത് കിലോമീറ്റർ മാരത്തണിലെ 18–40 വയസ് പുരുഷ വിഭാഗത്തിൽ അജ്മൽ എം.എഫ്, യോഷികി തകാഷി, റിജിൻ ബാബു എന്നിവർ ജേതാക്കളായപ്പോൾ വനിതാ വിഭാഗത്തിൽ ജിൻസി ജി, ശിൽപ കെ.എസ്, മാർത്ത സിസോണി എന്നിവർ ആദ്യ മൂന്ന് സ്ഥാനങ്ങളിലെത്തി. 4050 വയസ് പുരുഷ വിഭാഗത്തിൽ അൻബറാസു പി, രവി, പൊതിരാജ് പി എന്നിവരും വനിതാ വിഭാഗത്തിൽ മിനു വിക്ടർ, സുചിത്ര നായർ, വന്ദന സന്ദീപ് എന്നിവരും വിജയികളായി. 5065 വയസ് പുരുഷ വിഭാഗത്തിൽ ബിബിൻ ചെറിയാൻ ഒന്നാമതെത്തിയപ്പോൾ ലോഹിദാസ് രാജശേഖരൻ, എം.എസ് സെബാസ്റ്റ്യൻ എന്നിവർ രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി. ഇതേ പ്രായപരിധിയിലെ വനിതാ വിഭാഗത്തിൽ ജെയ്മോൾ കെ ജോസഫ്, മാലിനി




കെ.ആർ, ടാനിയ നിഷ രാജ് എന്നിവർ ജേതാക്കളായി. 65 വയസ്സിന് മുകളിലുള്ളവരുടെ പത്ത് കി.മീ മാരത്തണിൽ ലക്ഷ്മണൻ എ, ജോസഫ് കെ പീറ്റർ, ദാസൻ നായർ കെ.എസ് എന്നിവരും വനിതാ വിഭാഗത്തിൽ രാജം ഗോപി, നളിനി, സൂസി സെബാസ്റ്റ്യൻ എന്നിവരും ജേതാക്കളായി. ഇത് കൂടാതെ മൂന്ന് കിലോമീറ്റർ റണ്ണും മാരത്തണിന്റെ ഭാഗമായി നടത്തി. ഇംഗ്ലണ്ട്, ജപ്പാൻ, നെതർലാൻഡ്സ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുൾപ്പെടെ 7,800ൽപ്പരം റണ്ണേഴ്സ് മാരത്തണിൽ പങ്കെടുത്തു. ആകെ 15 ലക്ഷം രൂപയുടെ പുരസ്കാരങ്ങളാണ് വിവിധ വിഭാഗങ്ങളിലായി വിതരണം ചെയ്തത്.

ഞായറാഴ്ച പുലർച്ചെ മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നിന്ന് ആരംഭിച്ച മാരത്തൺ ഫെഡറൽ ബാങ്ക് ചീഫ് മാർക്കറ്റിങ് ഓഫീസർ എം.വി.എസ് മൂർത്തി, മാരത്തൺ മെഡിക്കൽ ഡയറക്ടറും ആസ്റ്റർ മെഡ്സിറ്റി എമർജൻസി മെഡിസിൻ കൺസൾട്ടന്റുമായ ഡോ.സാവിത്രി, ടൈഗർബാം റീജിയണൽ മേധാവി വി. സുബ്രഹ്മണ്യൻ, ട്രേഡ് മാർക്കറ്റിങ് മേധാവി അനൂപ് ദ്വിവേദി, ക്ലിയോസ്പോർട്സ് ഡയറക്ടർമാരായ അനീഷ് പോൾ, ബൈജു പോൾ, ശബരി നായർ, എം.ആർ.കെ ജയറാം എന്നിവർ ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു. സമ്മാനദാന ചടങ്ങിൽ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, മേയർ വി.കെ മിനിമോൾ, ഡെപ്യൂട്ടി മേയർ ദീപക് ജോയ്, സിറ്റി പോലീസ് കമ്മിഷണർ കാളിരാജ് മഹേഷ് കുമാർ,കോസ്റ്റ് ഗാർഡ് ഡിഐജി എൻ. രവി, ഫെഡറൽ ബാങ്ക് ചീഫ് മാർക്കറ്റിങ് ഓഫീസർ എം.വി.എസ് മൂർത്തി,ഫെഡറൽ ബാങ്ക് ഗ്രൂപ്പ് പ്രസിഡന്റ് ആൻഡ് ഇന്റേണൽ ഓഡിറ്റർ സഞ്ജേഷ് കുമാർ, ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ദാമോധരൻ സി, മാരത്തൺ മെഡിക്കൽ ഡയറക്ടർ ഡോ. സാവിത്രി, ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ്, മാരത്തൺ ഗുഡ് വിൽ അംബാസിഡർ പ്രാചി തെഹ്ലാൻ, അഭിനേതാവ് മാത്യു തോമസ് എന്നിവർ പങ്കെടുത്തു.

# ഇന്ത്യൻ ഫുട്ബോൾ: എസ്.എം.ആർ.ഐ ചർച്ച സംഘടിപ്പിച്ചു

**കൊച്ചി:** പ്രൊഫഷണൽ ഫുട്ബോൾ ക്ലബുകളുടെയും, വിവിധ തലങ്ങളിലുള്ള സുശക്തമായ ലീഗുകളുടെയും അഭാവമാണ് ഇന്ത്യയിൽ മികച്ച താരങ്ങളെ സൃഷ്ടിക്കപ്പെടുന്നതിന് തടസമെന്ന് കായിക വിദഗ്ധരുടെ വിലയിരുത്തൽ. ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ 41ാം ജന്മദിനത്തോടനുബന്ധിച്ച് എറണാകുളത്തെ സ്പോർട്സ് ആൻഡ് മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ് ഇന്ത്യൻ ഫുട്ബോൾ: ഇങ്ങനെ പോയാൽ എങ്ങനാ എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ചത്. വിദേശരാജ്യങ്ങളിലെ കളിക്കാർക്ക് കുട്ടിക്കാലം മുതൽ ലഭിക്കുന്ന കളി അനുഭവവുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ കളിക്കാർക്ക് ലഭിക്കുന്ന കളി അനുഭവങ്ങൾ പ്രത്യേകിച്ച് മത്സരാനുഭവങ്ങൾ വളരെ കുറവാണെന്ന് മുംബൈയിലെ ഓറഞ്ച് സോക്കർ സ്കൂളിലെ മുഖ്യപരിശീലകനും യുവേഫ സർട്ടിഫൈഡ് ട്രെയിനറുമായ സുധീർ ബി. തങ്കച്ചൻ അഭിപ്രായപ്പെട്ടു.

ആരാധക ഉടമസ്ഥതയിലുള്ള സഹകരണ ഫുട്ബോൾ ക്ലബ്ബുകളാണ് ഇന്ത്യയിലെ ഫുട്ബോൾ ക്ലബ്ബ് ദാരിദ്ര്യത്തിന് ഏക പരിഹാരമെന്ന് എസ്.എം.ആർ.ഐ പ്രസിഡന്റും സ്പോർട്സ് മാനേജ്മെന്റ് വിദഗ്നുമായ സിജിൻ ബി.ടി അഭിപ്രായപ്പെട്ടു. ചടങ്ങിൽ സി



ജിൻ ബി.ടി, ഡോഇന്ദുലേഖ ആർ എന്നിവർ എഴുതിയ ഒരു ഫുട്ബോൾ ഭ്രാന്തന്റെ ഡയറി എന്ന പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പ് സ്പോർട്ടി കൊച്ചി കമ്മ്യൂണിറ്റി സ്പോർട്സ് ക്ലബ്ബ് പ്രസിഡന്റ് നിർമല ലില്ലി വി.ജെ തോമസിന് നൽകി പ്രകാശനം ചെയ്തു. സ്പോർട്സ് സൈക്കോളജിസ്റ്റ് മൃദുല ബി പൈ, മുൻ കേരള ഫുട്ബോൾ താരം കലേഷ്, നന്മ സെക്രട്ടറി രാജികുമാർ ടി എന്നിവരും ചടങ്ങിൽ സംസാരിച്ചു.

# 'അനസ്തേഷ്യ റോഡ് മാപ്പ്' പുസ്തകം പ്രകാശനം ചെയ്തു

**കൊച്ചി:** സുഗമമായ ശസ്ത്രക്രിയയ്ക്കുള്ള വഴികാട്ടിയായി എറണാകുളം വി.പി.എസ് ലേക്ഷോർ ആശുപത്രിയിലെ അനസ്തേഷ്യോളജി വിഭാഗം കൺസൾട്ടന്റ് ഡോ. റെന്നി ചാക്കോ രചിച്ച 'അനസ്തേഷ്യ റോഡ് മാപ്പ്' പുസ്തകം പ്രകാശനം ചെയ്തു. ആശുപത്രി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വി.പി.എസ് ലേക്ഷോർ മാനേജിങ് ഡയറക്ടർ എസ്. കെ. അബ്ദുള്ള പ്രകാശനം നിർവഹിച്ചു.

അനസ്തേഷ്യ എന്നാൽ എന്താണ്, അതിന്റെ പ്രാധാന്യം എത്രത്തോളമാണ്, തയ്യാറെടുപ്പുകൾ എങ്ങനെയാണ് തുടങ്ങിയ വിവരങ്ങൾ സമഗ്രമായി അവതരിപ്പിക്കുന്ന പുസ്തകം രോഗികൾക്കും അറിവ് നേടാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും ഒരുപോലെ ഉപയോ




ഗപ്രദമാണ്. വായനക്കാർക്ക് എളുപ്പത്തിൽ കാര്യങ്ങൾ മനസിലാക്കാനാകും വിധം സംക്ഷിപ്തവും വ്യക്തവുമായി തയ്യാറാക്കിയിരിക്കുന്ന പുസ്തകം പൊതുസമൂഹത്തിന് അനസ്തേഷ്യയെക്കുറിച്ചുള്ള അവബോധം നൽകാൻ പര്യാപ്തമാണ്.

